# രാമയാണമാസം, ചില ഓർമ്മകൾ

ബാബു എസ്. മേനോൻ, ഒറ്റപ്പാലം



കർക്കിടക മാസത്തെ കള്ള കർക്കിടകം എന്നാണു പറയുന്നത്. തോരാത്ത മഴയും, തണുപ്പും പിന്നെ പഞ്ഞവുമായി മലയാളികൾ ഇഷ്ടപ്പെടാതെ പോകുമായിരുന്ന ആ മാസത്തെ "രാമായണ മാസമാക്കി" പുണ്യവൽക്കരിച്ചത് അനുഗ്രഹമായിയെന്ന് എൻെറ ചെറുപ്പക്കാലത്ത് എനിക്ക് തോന്നാറുണ്ട്. രാവിലേയും വൈകീട്ടും രാമായണ വായന കേട്ടിരിക്കുന്നത് ഒരു സുഖമുള്ള അനുഭവമായിരുന്നു. രാമായണ വായന കഴിഞ്ഞ് തിന്നാൻ അവിലും, മലരും പഴവും ഉണ്ടാകുന്നതും ഏറെ സന്തോഷമുളവാക്കുന്നു. കൂട്ടത്തിൽ അമ്പല ദർശനങ്ങളും. സ്കൂൾ വിട്ട് വന്നാൽ പിന്നെ അത്താഴത്തിനു മുമ്പുള്ള ഒരു അത്താഴം കഴിച്ച് വീട്ടുകാർ കാണാതെ മഴയിൽ കൂട്ടുകാരൊത്ത് ചില കളികളൊക്കെ നടത്തി അമ്പലകുളത്തിൽ പോയ് കുളിച്ച് വന്ന് വീട്ടിൽ നിലവിളക്ക് കൊളുത്തി സന്ധ്യനാമം ചൊല്ലാനിരുന്നതിനു ശേഷം ചേച്ചിമ്മാരോ ചെറിയമ്മയോ രാമയാണം വായനയായി. വായനക്ക് ഈണം പകരാൻ എന്ന പോലെ നല്ല മഴയും. അന്ന് രാമായണത്തിൻെറ അർത്ഥം ഗൗരവമായി മനസ്സിലാക്കാനുള്ള പ്രായമായിട്ടില്ല. എങ്കിലും അവില്, പഴം, ശർക്കര പിന്നെ കുറെ കഥകൾ കുട്ടിക്കാലത്ത് അതൊക്കെ സ്വർഗ്ഗം തന്നെ. എന്നാലും മനസ്സിൽ നിറഞ്ഞ ഭക്തിയുണ്ടായിരുന്നു. രാമ, രാമ എന്ന് ജപിച്ചിരുന്നത് ഉള്ളിൽത്തട്ടിതന്നെയായിരുന്നു എന്ന് ഇപ്പോൾ ഓർക്കുമ്പോൾ അറിയാം.

വീട്ടിൽ നിന്നും അകലെയാല്ലത്ത അമ്പലത്തിൽ ഒന്ന് രണ്ടു കുരങ്ങന്മാ രുണ്ടായിരുന്നു. രാമായണമാസം ആരംഭിക്കുമ്പോൾ നാട്ടുകാർ ആ കുരങ്ങന്മാർക്ക് പഴം, അവില്, ശർക്കര ഒക്കെ കൊടുക്കും. ശ്രീമചന്ദ്രനെ സഹായിച്ചവരല്ലേ, ഈ മാസമെങ്കിലും സുഖായിരിക്കട്ടെ എന്ന് വയസ്സായവർ പറയും. പക്ഷെ ഞങ്ങൾ കുട്ടികൾക്ക് ആ കുരങ്ങന്മാർ വിനോദത്തിനു വഴിയായിരുന്നു. രാമയാണം വായിക്കുമ്പോൾ അത് കേൾക്കാൻ ഹനുമാൻ അദ്രുശ്യനായി നമ്മുടെ അരികിൽ ഇരിക്കുമെന്ന് ചെറിയമ്മ

പറഞ്ഞ് തന്നിരുന്നു. ശ്രീരാമനെക്കുറിച്ച് ആർ എന്തുപറഞ്ഞാലും അവിടെ ഹനുമാൻ വന്നെത്തുമത്രെ. ഹനുമാൻെറ നെഞ്ച് പിളർന്ന് നോക്കിയാൽ ശ്രീരാമനെ കാണാമെന്നല്ലേ പറയുന്നത്. അത് കൊണ്ട് അവർ വായിക്കുമ്പോൾ ഞാനും അവരുടെ മകൻ രാജനും കൂടെ കൂടെ വെളിയിലേക്ക് നോക്കിയിരിക്കും. ഞങ്ങൾ ചിലത് പതുക്കെ പറഞ്ഞ് വെറുതെ പുഞ്ചിരിക്കും. അത് കണ്ട് ശാന്തേടത്തി ഞങ്ങളെ ശാസിക്കും. ശ്രീരാമനെ മനസ്സിൽ ധ്യാനിച്ച് ഭക്തിയോടെ ഇരിക്കൂ കുട്ടികളെ. ചേച്ചിയുടെ ശാസനയുടെ ശബ്ദം കേൾക്കുമ്പോൾ വല്യമ്മ ചോദിക്കും" എന്താ അവിടെ" . രാമായണം വായിക്കുമ്പോൾ ശ്രദ്ധയോടെ ഇരിക്കാതെ കുട്ടികൾ പുറത്ത് മഴ പെയ്യുന്നത് നോക്കിയിരിക്കുണു. അപ്പോൾ രാജൻ പറയും ഞങ്ങൾ മഴ നോക്കിയതല്ല, കുരങ്ങന്മാർ വരുന്നുണ്ടൊ എന്ന് നോക്കുകയാണു്. ചെറിയമ്മയല്ലേ പറഞ്ഞത് രാമായണം വായിക്കുന്നത് കേൾക്കാൻ കുരങ്ങൻ വരുന്നുവെന്ന്. ചെറിയമ്മ തലക്ക് കൈ വച്ച് പറയും "ശിവ ശിവാ അയ്യോ കഷ്ടം, അങ്ങനെ പറയല്ലേ കുരങ്ങനല്ല, ഹനുമാൻ സ്വാമി. നമ്മൾക്ക് കാണാൻ പറ്റില്ലന്നെയുള്ളു ഇവിടെ ഇരിപ്പുണ്ടാകും. ഞങ്ങൾ കുട്ടികൾക്ക് അത് വളരെ രസകരമായിരുന്നു.



അപ്പോൾഏടത്തി ഹനുമാൻെറ ജന്മ കഥ പറഞ്ഞു തരും ഹനുമാൻെറ മാതാപിതാക്കൾ കേസരിയും അജ്ഞനയും പുത്രലാഭത്തിനുവേണ്ടി ശിവനോട് പ്രാർത്ഥിച്കൊണ്ടിരുന്നു. അജ്ഞന ദിനം പ്രതി ശിവനെ മനസ്സിൽ ധ്യാനിച്ച് നീട്ടിപിടിച്ച കൈകളുമായി നിന്നു, പുത്രലാഭത്തിനു വേണ്ടി ദശരഥൻ പുത്രകാമേഷ്ടി യാഗം കഴിക്കുന്ന അവസരമായിരുന്നു അപ്പോൾ. യാഗത്തിൻെറ ഒടുവിൽ അഗ്നിദേവൻ ഒരു പാത്രത്തിൽ ദശരഥൻെറ രാജ്ഞിമാർക്ക് ഭക്ഷിക്കാൻ പായസ തളികയുമായി യജ്ഞകുണ്ഠത്തിൽ നിന്നും പുറത്ത് വന്നപ്പോൾ അതിൽ നിന്നും ഒരൽപ്പം പായസം ഗരുഡൻ റാഞ്ചി കൊണ്ടുപോയി. ഗരുഢൻ കാട്ടിലൂടെ പറക്കുന്നതിനിടക്ക് പായസം താഴെ വീണു.അത് വീണത് അഞ്ജനയുടെ നീട്ടിപിടിച്ച് കൈകളില്ലാണു. അവർ അത് ഉടനെ ഭക്ഷിച്ചു. അങ്ങനെ അവർ ഗർഭവതിയായി ഹനുമാനെ പ്രസവിച്ചു. ശിവ ശക്തി ഹനുമാനിൽ ഉണ്ടായിരുന്നത് കൊണ്ടാണു രാമനു രാവണനെ കൊല്ലാൻ സഹായമായത്. രാമായണത്തിലെ ഓരോ ഭാഗം വായിക്കുമ്പോഴും അന്നു

കുട്ടികളായിരുന്ന ഞങ്ങൾക്ക് രസകരമായ കഥകളുണ്ടെങ്കിൽ മാത്രമേ ഞങ്ങളുടെ ശ്രദ്ധ അതിൽ പതിഞ്ഞിരുന്നുള്ളു.

ബാല്യ-കൗമാരങ്ങളുടെ ഒരു സുഖം അന്നു ഒന്നിനും ഉത്തരവാദിത്വം ഇല്ലെന്നുള്ളതാണു. പഠിക്കുക കളിക്കുക. ഏന്നാൽ ഭക്തി അതോടൊപ്പം വളരുന്നു. ഈശ്വരവിശ്വാസമുണ്ടെങ്കിലും കഥകൾ കേൾക്കുമ്പോൾ മനസ്സിൽ ഓരൊ കുസ്രുതികൾ തോന്നും. കൂട്ടു കുടുമ്പങ്ങളാകുമ്പോൾ പ്രത്യേകത ഓരൊ വിശേഷങ്ങളും ആഘോഷമായി കൊണ്ടാടുന്നുവെന്നാണു. വാസ്തവത്തിൽ വർഷത്തിലൊരിക്കൽ മാത്രമുള്ള രാമായണ വായന മാത്രമല്ല ഭക്തിപൂർവ്വം അത് എപ്പോഴും വായിക്കവുന്നതാണു. മനസ്സിൽ വിചാരിക്കുന്ന ചില കാര്യങ്ങൾ നടക്കുമോ എന്നറിയാൻ വീട്ടിൽ ഏടത്തിമ്മാർ ചിലപ്പോൾ രാമായണം കണ്ണടച്ച് പിടിച്ച് ഒരു പേയ്ജ് തുറന്ന് അതിൻെറ ഇടത്തെ ഭഗത്ത് മോളിൽ നിന്ന് ഏഴ് വരികൾ വിട്ട് പിന്നെയുള്ളത് വായിച്ച് നോക്കും. ആ വരികൾ പ്രോത്സാഹജനമാണെങ്കിൽ വിചാരിച്ച കാര്യം നടക്കുമെന്നാണു. രാമായണ പുസ്തക്ത്തെ ദൈവീക് ഗ്രന്ഥമായി കണ്ടിരുന്നത്കൊണ്ട് അത് സൂക്ഷിക്കുന്ന അലമാരി വളരെ ശുചിയോടെ വച്ചിരുന്നു. ഇപ്പോൾ നാടുവിട്ട് വിദേശത്ത് താമസമായി. ഇ-മലയാളി രാമായണമാസം കൊണ്ടാടുവാൻ രചനകൾ ആവശ്യപ്പെട്ടുകണ്ടപ്പോൾ ഒരു എഴുത്തുകാരനല്ലെങ്കിലും ചില ഓർമ്മകൾ പങ്കു വക്കാമെന്ന് കരുതി.

ഒരു കാര്യം കൂടി ഓർമ്മ വരുന്നു. ശ്രീരാമൻ ലക്ഷ്മണനെ ഉപദേശിക്കുന്ന ഭാഗം ഏടത്തി വായിച്ച് അർത്ഥം പറഞ്ഞു തന്നിരുന്നു. ഞങ്ങൾ സ്കൂൾ കുട്ടികളായിരുന്നത്കൊണ്ട് അർത്ഥം വളരെ ലളിതമായി പറയുകയാണു പതിവ് ഏടത്തി അത് നല്ല കഥാരൂപത്തിൽ പറഞ്ഞ് തരും. പാമ്പിൻെറ വായിലിരിക്കുന്ന തവള അടുത്തുകൂടെ ഒരു പ്രാണിയോ മറ്റൊ പോയാൽ അത് നാവു നീട്ടുമത്രെ. വളരെ അർത്ഥഗാംഭീര്യമുള്ള ഒരു ഭാഗമാണിതെങ്കിലും ഞങ്ങൾ കുട്ടികൾ സ്കൂളിൽ പോകുമ്പോൾ പിന്നെ പാമ്പ് തവളയെ പിടിക്കുന്നത് കാണൻ നോക്കി നടന്നു. എല്ലവരോടും പറഞ്ഞു പാമ്പിൻെറ വായിലിരിക്കുന്ന തവള ഭക്ഷണത്തിനായി നാവ് നീട്ടുമെന്ന്. അന്ന് ഞങ്ങളേക്കാൾ വയസ്സിനു വളരെ താഴെയായ കുഞ്ഞ്ലക്ഷ്മി ചോദിച്ചു, " പാവം തവള വിശന്നാൽ എന്താ ചെയ്യാ അല്ലേ?". അയ്യോ പാവം എന്ന് ഞങ്ങളും അവൾക്കൊപ്പം ദു:ഖം പങ്കിടും. ഞങ്ങൾ വളരെ പരിശ്രമിച്ചിട്ടും അങ്ങനെ ഒരു രംഗം കാണാൻ ഒത്തില്ല പ്ന്നീട് കോളേജിൽ ഒക്കെ ചേർന്നപ്പോളാണു രാമായണത്തിലെ ആ ഭാഗം തരുന്ന പാഠത്തെപ്പറ്റി ബോധവനായത്. രാമായണവായന ഭക്തി വളർത്തുന്നതിൽ കവിഞ്ഞ് അത് ജീവിത സമസ്യകളെ എങ്ങനെ നേരിടണമെന്ന് കഥകളിലൂടെ വിവരിക്കുന്നു.

എല്ലാവർക്കും അനുഗ്രഹപ്രദമായ രാമായണ മാസം നേരുന്നു. ഇ-മലയാളിയുടെ ശ്രേഷ്ഠമായ ഈ ഉദ്യമത്തിനു അനുമോദനങ്ങൾ.

========= ======= ========

ഏല്ലാവർക്കും അനുഗ്രഹപ്രധമായ രാമയന മാസം നേരുന്നു.